## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1864 — 17.12.2012-ൽ മറുപടിക്ക്

## ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധനവ്

**ചോദ്യം**

ശ്രീ.കെ.കെ.നാരായണൻ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;<br>(ബി) ഏത് ബോർഡ് യോഗത്തിലാണ് ഈ തീരുമാനം എടുത്തത്; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) റേറ്റ് കോൺട്രാക്റ്റ് ഫൈനലൈസ് ചെയ്യുന്നതിനായി, 27.07.2012-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. ടി വർദ്ധനവ്, നിലവിലുള്ള റേറ്റ് കോൺട്രാക്റ്റിന്റേയോ, കമ്പനികൾ ക്വോട്ട് ചെയ്യുന്ന വിലയുടേയോ 6% വരെ ഉയർത്തുമ്പോൾ ഏതാണോ കുറവ്, അത് നല്കുവാൻ തീരുമാനിച്ചു. മിനിട്ട്സിന്റെ, പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) മദ്യ നിർമ്മാണ കമ്പനികൾക്ക് ഈ തീരുമാനം വഴി പ്രതിവർഷം എത്ര രൂപ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു; കോർപ്പറേഷൻ നടപ്പു സാമ്പത്തിക വർഷം ഇതുവരെ ഏതെല്ലാം കമ്പനികളിൽ നിന്ന് എത്ര മദ്യം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) ഈ തീരുമാനം വഴി, 2012 ആഗസ്റ്റ് മുതൽ 2013 മാർച്ച് വരെ ഏകദേശം 44 കോടി രൂപ അധികമായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മദ്യനിർമ്മാണ കമ്പനികൾക്ക് നല്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് മദ്യം വിതരണം ചെയ്യുന്ന കമ്പനികളുടെ പേരു വിവരം, അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) സംസ്ഥാനത്ത് ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്നും, മദ്യവിപണിയിലൂടെ കൂടുതൽ വരുമാനം ഉദ്ദേശിക്കുന്നില്ലെന്നും പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) മദ്യത്തിൽ നിന്നുള്ള വരുമാനം സർക്കാരിന്റെ മുഖ്യ വരുമാന സ്രോതസ്സായി കണക്കാക്കാതെ, ശക്തമായ ബോധവൽക്കരണത്തിലൂടെ മദ്യാസക്തി കുറച്ചു കൊണ്ടു വരുകയാണ് സർക്കാരിന്റെ നയം. ഈ സാമൂഹ്യ വിപത്ത്, ഒരു സാമൂഹ്യ ജനകീയ |

മുന്നേറ്റത്തിലൂടെ തടയുവാൻ സാധിക്കുമെന്നതിനാൽ, നയപരമായും, എക്സൈസ് വകുപ്പ് നവീകരണത്തിലൂടെയും, എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബന്ധതയുള്ള വകുപ്പായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**